കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

186 (1229) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. സുരേഷ് കറുപ്പ് :
ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദമാക്കാമോ ;

(ബി) മേഖലയിലെ പ്രതിസന്ധി കാരണം തൊഴിൽ നഷ്ടപ്പെട്ട് പട്ടിണിയിലായ തൊഴിലാളികൾ നടത്തിയ പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളോടുള്ള സർക്കാരിന്റെ പ്രതികരണമെന്താണെന്ന് അറിയിക്കാമോ ;

(സി) പ്രതിസന്ധി പരിഹരിക്കുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഉൽപാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ വില നൽകി കയറുൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് കയർഫെഡിന് നിർദ്ദേശം നൽകാൻ തയ്യാറാകുമോ ;

(ഇ) പരമ്പരാഗത രീതിയിൽ നിർമ്മിക്കുന്ന കയർ ഉൽപ്പന്നങ്ങൾക്ക് സബ്സിഡിയും മറ്റ് പ്രത്യേക പരിഗണനകളും നൽകി വിപണി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(എഫ്) സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കയർ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും മറ്റ് ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കയർ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തി അപ്പപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12-ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406 രൂപയും 2012-13-ൽ 440 സംഘങ്ങൾക്ക് 8,96,92,648 രൂപയും 2013-14-ൽ 78 സംഘങ്ങൾക്ക് 1,45,25,260 രൂപയും നടപ്പുവർഷം 15,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 8,98,21,886 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, ചകിരി ഉൽപ്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾകൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കയർ മേഖലയിലെ ഒരു വിഭാഗം തൊഴിലാളികൾ നടത്തുന്ന പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രക്ഷോഭകർ ഉന്നയിച്ചിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

(ഡി) ഉൽപ്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ വില നൽകി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിക്കുന്നതിന് കയർഫെഡിന് യഥാസമയം നിർദ്ദേശം നൽകിവരുന്നു.

(ഇ) കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഇൻസെന്റീവ് നൽകി ക്രയവിലസ്ഥിരതാ പദ്ധതി നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും മേഖലയെ സംരക്ഷിച്ചുപോരുന്നതിനും ഉതകുന്ന ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ ക്ഷേമനിധിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ കയർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനും അതുവഴി മെച്ചപ്പെട്ട വരുമാനവും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചു നൽകിയതുമൂലം ഉൽപ്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്.

കയർ വ്യവസായ മേഖലയുടെ വികസനം

187 (1230) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖലയുടെ വികസനത്തിനായി ഈ സർക്കാരിന്റെ പ്രഖ്യാപിത പരിപാടികളിൽ നാളിതുവരെ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവയെ സംബന്ധിച്ചുള്ള വിശദാംശം നൽകുമോ ; ഇവ എപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ബഡ്ജറ്റിൽ വകയിരുത്തിയ ഇനങ്ങളിലെ പണമുപയോഗിക്കാതെ മിഷൻ 676 പ്രകാരം സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾക്കും പരിപാടികൾക്കും പ്രത്യേകമായി ഫണ്ട് നല്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ പുതിയ ഏത് ഹെഡ്ഡിൽ എത്ര തുകയാണെന്ന് വിശദമാക്കുമോ ;

(സി) ബഡ്ജറ്റ് നിർദ്ദേശങ്ങളിലും മിഷൻ 676 പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികളും പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാകുമോ ; അപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയെ സംബന്ധിച്ചുള്ള വിശദാംശം നൽകുമോ ?

993/2018

LIBRARY ARCHIVES Kerala Legislative Assembly